LIBRARY ARCHIVES Kerala Legislative Assembly

ക്വാറികളുടെ പ്രവർത്തനം

230 (3384) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വാറികൾക്ക് അനുമതി നൽകുന്നത് എന്തെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ;

(ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന എത്ര ക്വാറികൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) ലൈസൻസ് ഇല്ലാതെയും നിയമങ്ങൾ ലംഘിച്ചും പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ എന്തൊക്കെയാണ് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പരിസ്ഥിതിക്ക് കോട്ടംതട്ടുന്ന രീതിയിലുള്ള ഖനനം അവസാനിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾക്ക് വിധേയമായാണ് ക്വാറികൾക്ക് അനുമതി നൽകുന്നത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിയമലംഘനം നടത്തുന്ന ക്വാറികൾ പ്രവർത്തിക്കാതിരിക്കാൻ രേഖാമൂലം നോട്ടീസ് നൽകുന്നു. വിവരം ബന്ധപ്പെട്ട പോലീസ് അധികാരികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വില്ലേജ് ആഫീസറെയും അറിയിക്കുന്നുണ്ട്. അനധികൃത ഖനനം നടത്തിയതിന് സ്ഥലമുടമയ്ക്കെതിരെയും ക്വാറി ഉടമയ്ക്കെതിരെയും കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നു. കൂടാതെ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം, കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ റൂൾസ്) 2015 എന്നിവ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും റോയൽറ്റി, പിഴ സംഖ്യ എന്നിവ ഈടാക്കുകയും ചെയ്യുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരം ഖനനാനുമതി നൽകുന്നതിന് മൈനിംഗ് പ്ലാനും എൻവയോൺമെന്റൽ ക്ലിയറൻസും നിർബന്ധമാക്കിയിരിക്കുന്നു. അതിനാൽ പുതിയ നിയമനിർമ്മാണം ആവശ്യമില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.